
# CPVLP SCHOOL

## KOTTOOR




# Goal

## SET 2025

## ACADEMIC MASTER PLAN

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രീയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

## അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
4. എസ്. എസ്.എ./ ആർ.എം. എസ്.എ. പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | സി.പി.വി. എൽ .പി. സ്കൂൾ, കോട്ടൂർ |
| വിലാസം | : | കോട്ടൂർ പി.ഒ., കവിയൂർ |
| ഫോൺ | : | +91 9847678179 |
| 2. സ്കൂൾ കോഡ് | : | 37540 |
| 3. വിദ്യാഭ്യാസ ഉപജില്ല | : | മല്ലപ്പള്ളി |
| 4. വിദ്യാഭ്യാസ ജില്ല | : | തിരുവല്ല |
| 5. റവന്യൂ ജില്ല | : | പത്തനംതിട്ട |
| 6. ബി. ആർ.സി. | : | കീഴ്‌വായ്പൂർ |
| 7. സി. ആർ.സി. | : | തോട്ടഭാഗം |
| 8. ഗ്രാമ പഞ്ചായത്ത് | : | കവിയൂർ , (വാർഡ് - 5) |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | മല്ലപ്പള്ളി |
| 10. ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| 11. നിയമസഭാ മണ്ഡലം | : | തിരുവല്ല |
| 12. ലോകസഭാ മണ്ഡലം | : | പത്തനംതിട്ട |
| 13. താലൂക്ക് | : | തിരുവല്ല |
| 14. വില്ലേജ് | : | കവിയൂർ |
| 15. ഇ. മെയിൽ | : | cpvlpsk@gmail.com |

# ആമുഖം

ഐതീഹ്യപെരുമയിൽ പ്രസിദ്ധമായതും, കേരളത്തിൽ തന്നെ അപൂർവ്വ മായി ഹനുമദ് പ്രതിഷ്ഠയുള്ളതുമായ ശിവക്ഷേത്രവും നിരവധി ദേവാലയങ്ങളും സ്ഥിതിചെയ്യുന്ന പുണ്യഭൂമിയായ കവിയൂർ. വ്യത്യസ്ത ജാതിമതസ്ഥർ ഏകോദര സഹോദരങ്ങളെപ്പോലെ ഒത്തുവസിക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ കോട്ടൂർ എന്ന **ചെറുപുഷ്പ വിലാസം എൽ.പി.സ്കൂൾ** (തെക്കേടത്ത് പള്ളിക്കൂടം) സ്ഥിതിചെ യ്യുന്നത്.

കപികളുടെ ഊരായ കപിയൂരിൽ നിന്നും **കവിയൂർ** എന്ന സ്ഥലപേര് ഉണ്ടായി എന്നാണ് ഒരു ഐതീഹ്യം. പഞ്ചപാണ്ഡവന്മാർ വനവാസകാലത്ത് ഒളി ച്ചുതാമസിച്ചിരുന്നതായി കരുതപ്പെടുന്ന **തൃക്കക്കുടിപ്പാറ** (പാണ്ഡവൻ പാറ) ഈ വിദ്യാലയത്തിന്റെ സമീപത്താണ്. പൗരാണികമായ, ചെറുപുഷ്പം ദേവാലയത്തോട് ചേർന്നു നിൽക്കുന്ന 103 വർഷം പാരമ്പര്യമുള്ള ഈ വിദ്യാലയം അങ്ങനെ ചെറു പുഷ്പ വിലാസം എൽ.പി. സ്കൂൾ എന്ന നാമധേയത്തിൽ അറിയപ്പെടുന്നു.

## ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

പ്രീപ്രൈമറി മുതൽ 5-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും, പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

അദ്ധ്യാപനവും, അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയ ചരിത്രം

1914 ൽ കുടിപ്പള്ളികൂടമായിട്ടാണ് തുടക്കം. സാമ്പത്തിക പരാധീനത മൂലം നിന്നുപോകും എന്ന ഘട്ടത്തിൽ, ഓമല്ലൂർ എന്ന സ്ഥലത്തു നിന്നും ഒരു വിദ്യാലയത്തിന്റെ അംഗീകാരം ഈ പള്ളിക്കൂടത്തിന് ലഭ്യമാക്കുകയും തെക്കേടത്ത് ഈപ്പൻ എന്ന വ്യക്തി സൗജന്യമായി നൽകിയ സ്ഥലത്ത് ഈ വിദ്യാലയം മാറ്റി സ്ഥാപിക്കുകയും ചെയ്തു. അതു വരെ തോട്ടഭാഗം യാക്കോബായ പള്ളിയുടെ നിയന്ത്രണത്തിലായിരുന്ന ഈ വിദ്യാലയം മാർ ഈവാനിയോസ് പിതാവ് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ മലങ്കര കത്തോലിക്ക സഭയുടെ കീഴിലായി.

1938 ൽ പൂർണ്ണ പ്രൈമറിയായിരുന്ന ഈ വിദ്യാലയം 1947 ൽ 5-ാം ക്ലാസ്സ് ഉൾപ്പെട്ട പ്രൈമറിയായി ഉയർത്തപ്പെട്ടു. ജനായത്ത ഭരണം തുടങ്ങിയ വർഷം മുതൽ തെരഞ്ഞെടുപ്പ് കേന്ദ്രമായി ഈ സ്കൂൾ ഉപയോഗിക്കുന്നു. ഗ്രാമസഭയും മറ്റ് പൊതുപരിപാടികളും ഇവിടെ വച്ച് നടത്തപ്പെടുന്നു.

ഇവിടെ പഠിച്ചുപോയ വിദ്യാർത്ഥികൾ പലരും വളരെ ഉന്നത നിലയിൽ എത്തിയിട്ടുണ്ട്. സഭാമേലധ്യക്ഷൻ, വൈദികർ, സന്ന്യാസിനികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, എൻജിനിയർമാർ, പ്രൊഫസർമാർ, കർഷകർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ ഉന്നത സ്ഥാനങ്ങൾ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ അലങ്കരിക്കുന്നു. റാങ്ക് ജേതാക്കൾക്ക് വരെ പ്രൈമറി വിദ്യാഭ്യാസം നൽകാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

"മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും "വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്" എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

എല്ലാവിധ ശുചിത്വബോധവും, ദീനാനുകമ്പ, സഹോദര സ്നേഹം, രാജ്യസ്നേഹം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടി പ്രാപ്തരാക്കൽ.

നിലവിലെ അവസ്ഥാ വിശകലനം

**എ ) ഭൗതികം – നേട്ടങ്ങൾ**

നിലവിൽ ഉണ്ടായിരുന്ന അഞ്ച് ക്ലാസ് മുറികൾ കൂടാതെ ഈ സ്കൂളിലെ മുൻ അദ്ധ്യാപകനും ഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ. കെ.എസ്. കോരിത് സാറിന്റെ സ്മരണാർത്ഥം പണികഴിപ്പിച്ച രണ്ട് ക്ലാസ് മുറികളും ഒരു ഓഫീസ് റൂമും ഉൾപ്പെടെ എട്ട് റൂമുകൾ നിലവിലുണ്ട്.

കുട്ടികൾക്ക് സൗകര്യപ്രദമായ ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിംഗ് ഏരിയ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ക്ലാസിലും കോർണർ ലൈബ്രറിയും ക്രമീകരിച്ചിട്ടുണ്ട്.

കായികപരമായിയുള്ള കുട്ടികളുടെ ഉന്നമനത്തെ ലക്ഷ്യം വെച്ചുകൊണ്ട് വിവിധ റൈഡുകൾ സ്കൂളിൽ ക്രമീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

ജൈവവൈവിധ്യ പാർക്ക് കുട്ടികൾക്കായി ക്രമീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ബി ) ഭൗതികം – പരിമിതികൾ

മതിയായ സൗകര്യങ്ങളോടുകൂടിയ സ്റ്റാഫ് റും ലൈബ്രറി, ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം എന്നിവയുടെ അഭാവം. സ്കൂളിനു കളിസ്ഥലം, ആധുനിക രീതിയിലുള്ള ശൗചാലയം, സൗകര്യം പൂർണമായ പാചകപ്പുര

സി ) അക്കാദമികം - നേട്ടങ്ങൾ

സബ് ജില്ലാ തലത്തിൽ വർഷങ്ങളായി കലാമേളയിലും പ്രവർത്തിപരിചയ മേളകളിലും മികച്ച നേട്ടം കൈവരിക്കുന്നുണ്ട്.

നഴ്സറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികളുടെ നേതൃത്വത്തിൽ അസംബ്ലി നടത്തി വരുന്നു. അവ കുട്ടികൾക്ക് നേതൃത്വപാടവം, സമൂഹത്തിനെ അഭിമുഖീകരിക്കാനുള്ള കഴിവ് മികച്ച ആശയവിനിമയ ശേഷി എന്നിവ വളർത്തിയെടുക്കുവാൻ സഹായിക്കുന്നു.

ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും, സുഗമമായി നടക്കുകയും ചെയ്തുവരുന്നു. നേച്ചർ ക്ലബ്ബ്, ആർട്സ്, ഇംഗ്ലീഷ്, മലയാളം, സയൻസ്, ഐടി മാത്സ് എന്നീ വിഷയാടിസ്ഥാനത്തിൽ ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു.

ക്യാമ്പ്, ബോധവത്ക്കരണ ക്ലാസുകൾ, ദിനചരണവുമായി ബന്ധപ്പെട്ട ഗ്രാമത്തിലെ ആബാലവൃതം ആൾക്കാരെ സംബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ സമൂഹത്തെ വിദ്യാലയവുമായി ഏറെ അടുപ്പിക്കുന്നതിന് സഹായകമാകുന്നു.

കൂടാതെ കുട്ടികളുടെ പഠനം മികവുറ്റതാക്കുവാനും അക്ഷരങ്ങൾ ഉറപ്പിക്കുവാനുമായി ഫെബ്രുവരി മാസം പ്രത്യേക പഠന പ്രവർത്തന പാക്കേജ് നടത്തി വരുന്നു.

## മികവിനായി എടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠന പരിപോഷണം<br>ശാസ്ത്രപോഷണ പരിപാടികൾ<br>വായനാപരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ലാബോറട്ടറി ആധുനിക വൽക്കരിക്കൽ<br>പ്രതിഭാപോഷണ പരിപാടി<br>ജൈവവൈവിധ്യ പാർക്ക്<br>സാഹിത്യപോഷണ പരിപാടികൾ<br>പഠനയാത്രകൾ<br>കലാ-കായികമേള<br>ഐ.ടി പരിശീലനം<br>ക്ലാസ്സ് പി.റ്റി.എ. സജീവമാക്കൽ<br>കൈയ്യെഴുത്തു മാസിക നിർമ്മാണം<br>പ്രവൃത്തി പരിചയ പഠനം<br>ശാസ്ത്രാഭിരുചി വളർത്തൽ<br>പച്ചക്കറിത്തോട്ടം ഒരുക്കൽ<br>രചന ശില്പശാല<br>അഭിമുഖങ്ങൾ<br>മെഡിക്കൽ ക്യാമ്പ്<br>ദിനാചരണം<br>കായികപഠനം<br>ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | ചുറ്റുമതിൽ, ഗേറ്റ്<br>ക്ലാസ്സ് മുറികൾ<br>കമ്പ്യൂട്ടർ റൂം<br>ലൈബ്രറി<br>അടുക്കള<br>കുടിവെള്ള വിതരണം<br>മാലിന്യ സംസ്ക്കരണം<br>ടോയിലറ്റ്<br>ജന്മദിനത്തിനൊരു പുസ്തകം | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ, സകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>റിസോഴ്സ് മാപ്പിംഗ്<br>പൊതു സമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം<br>പ്രാദേശിക പി.റ്റി.എ.<br>ഭവന സന്ദർശനം |

## വിദ്യാലയ മികവിനായ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അടിസ്ഥാന ഭാഷാ ശേഷീ വികസന പരിപാടികൾ | ഇംഗ്ലീഷ്, മലയാളം ഹിന്ദി ഭാഷാ പ്രാവീണ്യം നേടുന്നതിന് പരിപാടികൾ | ജൈവവൈവിധ്യ പാർക്ക് |
| വായന പരിപോഷണ മാർഗ്ഗങ്ങൾ | ടാലന്റ് ലാബ് | പുസ്തക ശേഖരണം |
| ദിനാചരണപ്രവർത്തനങ്ങൾ പതിപ്പ് നിർമ്മാണം, ചാർട്ട് നിർമ്മാണം, ആഘോഷങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ | ലൈബ്രറി വിപുലീകരണം (ക്ലാസ്, സ്കൂൾ റഫറൻസ്) | ഔഷധത്തോട്ടം |
| മലയാളത്തിളക്കം | ലാബ് വിപുലീകരണം | അപൂർവ്വ മരങ്ങൾ നട്ടുപിടിപ്പിക്കൽ |
| ഹലോ ഇംഗ്ലീഷ് | മികച്ച വായനക്കാരനാക്കൽ | ജലസംരക്ഷണ പ്രവർത്തനങ്ങൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | മികച്ച എഴുത്തുകാരനാക്കൽ | വൈവിധ്യമാർന്ന കൃഷിത്തോട്ടം |
| ശ്രദ്ധ | മികച്ച റിപ്പോർട്ടർ | ലഹരി മുക്തസമൂഹം |
| ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അസംബ്ലികളിൽ | ശാസ്ത്രോത്സവം | ആകർഷകമായ സ്കൂൾ കവാടം |
| ഇംഗ്ലീഷ്, മലയാളം, ഹിന്ദി സർഗ്ഗവേദി | ഉദ്യാനപരിപാലനം | ഹൈടെക് ക്ലാസ്മുറികൾ |
| കൈയ്യെഴുത്ത് മാസിക | കലാകാരന്മാരുടെ സേവനങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തൽ | കിഡ്സ് പാർക്ക് വിപുലീകരണം |
| ഉദ്യാന നിർമ്മാണം | ചിത്രരചനാ നൈപുണ്യവികസനം | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ |
| ഗണിതോത്സവം | സർഗ്ഗ ചുമരുകൾ | ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ |
| ചരിത്രപ്രദർശനങ്ങൾ | റേഡിയോ നിലയപ്രക്ഷേപണം | എല്ലാ ക്ലാസിലും കുടിവെള്ളം |
| പഠനവിനോദയാത്രകൾ | മത്സര പരിശീലനം, ക്വിസ്, GK Box | എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം |
| നാടൻ ഫുഡ്ഫെസ്റ്റ് | ഭിന്നശേഷിക്കാർക്ക് വര, കളറിംഗ്, കളികൾ, പഠനോപകരണങ്ങൾ | പോഷക സമൃദ്ധമായ ഉച്ചഭക്ഷണം |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | യോഗ, എയറോബിക്സ് | |
| | വിവിധ കലകൾ ശേഷിക്കനുസരിച്ച് തരംതിരിക്കൽ | |

# പദ്ധതി വിശദാംശങ്ങൾ

## ഇംഗ്ലീഷ് പഠനം

പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് - **Word Web**

| Aim | Activities | Time | | |
|---|---|---|---|---|
| Develop the creative speaking and writing | Speech, Book Review, Self introduction, Makes description | | | |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് - **Activity Corner**

| Aim | Activities | Time | | |
|---|---|---|---|---|
| To improve the Prescutation power | Speech, Quiz, Makes Magazines, Skits | | | |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് - **Find me from English**

| Aim | Activities | Time | | |
|---|---|---|---|---|
| To check the Vocabulary and writing skills of pupils | Games, Action Songs, Skit, Stories, Self introduction, Assembly are also conducted | | | |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് - **Mission Interactive**

| Aim | Activities | Time | | |
|---|---|---|---|---|
| Reaching the level of being able to speak and write English with grammatical accuracy | Visiting various parts of the village and public sector instructions with children & help them to communicate in English | | | |

# മലയാളം

## പ്രവർത്തനത്തിന്റെ പേര് – അമ്മയ്ക്കായ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളെ മികച്ച വായനക്കാരാക്കുക | സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുത്ത് വായിക്കാൻ അവസരം, വായനാക്കുറിപ്പ് തയ്യാറാക്കൽ, അവതരണം, മികച്ചത് കണ്ടെത്തൽ | വർഷത്തിൽ 2 തവണ | MPTA | |

## പ്രവർത്തനത്തിന്റെ പേര് – എന്റെ രചനകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കൽ | കൈയ്യെഴുത്തു മാസിക, ചുമർ പത്രിക, ഡയറി എഴുത്ത്, പോസ്റ്റർ നിർമ്മാണം | മാസത്തിൽ 1 തവണ | വിദ്യാരംഗം, കലാ സാഹിത്യ വേദി | |

## പ്രവർത്തനത്തിന്റെ പേര് – ക്ലാസ് ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കുക | ഓരോ കുട്ടിക്കും ഓരോ പുസ്തകം വീതം വായിക്കുവാനായി നൽകുന്നു | എല്ലാ വെള്ളിയാഴ്ച തോറും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര് – ഗ്രന്ഥശാലാ ശാക്തീകരണം**
**ഉപമേഖല – ഭാഷാ ശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ 1 തവണ | ലൈബ്രേറിയൻ | |

**പ്രവർത്തനത്തിന്റെ പേര് – രചയിതാക്കളെ പരിചയപ്പെടൽ**
**ഉപമേഖല – മാതൃഭാഷയിലെ വിവിധ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരെ കുറിച്ച് കൂടുതൽ അറിവ് നേടുന്നതിന് | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കൃതികൾ, സംഭാവനകൾ, എന്നിവ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് തയ്യാറാക്കൽ | മാസത്തിൽ 1 തവണ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര് – കഥാപാത്രങ്ങളിലൂടെ......**
**ഉപമേഖല – ഭാഷയുടെ ശരിയായ പ്രയോഗങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിവിധ സാഹിത്യകാരന്മാരുടെ കൃതികളിലെ കഥാപാത്രങ്ങളെ അനുകരിക്കൽ | മാസത്തിൽ 1 തവണ | SRG | |

# ഗണിതം

## പ്രവർത്തനത്തിന്റെ പേര് –

## ഉപമേഖല – ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | ലേണിംഗ് മെറ്റീരിയൽസ് ഉപയോഗിച്ചുള്ള പഠനം | | | |
| ഗണിതത്തെ കൂടുതൽ ലളിതവും ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാൻ | ബഹുവർണ്ണ ടോക്കണുകൾ, ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, സംഖ്യാ പദ സൂര്യൻ | | | |
| സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കാൻ പ്രാപ്തരാക്കൽ | സങ്കലന വ്യവകലന കാർഡുകൾ, സംഖ്യാ ചാർട്ടുകൾ, പങ്കുവയ്ക്കൽ, നിത്യോപയോഗ സാധനങ്ങളുടെ പങ്കുവെയ്ക്കലും പകുത്തുമാറ്റലും, സ്ഥാനവില, പോക്കറ്റികൾ, അബാക്കസ് നിർമ്മാണം എന്നിവയിലൂടെ പഠനം | | | |

# പരിസരപഠനം/ ശാസ്ത്രം/ സാമൂഹ്യശാസ്ത്രം

**പ്രവർത്തനത്തിന്റെ പേര് - പൂന്തോട്ടം ഒരുക്കൽ**

**ഉപമേഖല - അക്കാദമികം, ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിഎടുക്കുക | സ്കൂളിൽ പൂന്തോട്ടം ഒരുക്കൽ.<br><br>പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വൃക്ഷത്തെ നടീൽ, പരിപാലിക്കൽ | ഒരു വർഷം | ക്ലാസ് ടീച്ചർ | അധ്യാപകൻ |

**പ്രവർത്തനത്തിന്റെ പേര് - പ്രകൃതി നടത്തം**

**ഉപമേഖല - അക്കാദമികം, ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ചുറ്റുമുള്ള ജീവികളെ നിരീക്ഷിച്ച് പ്രത്യേകതകൾ മനസ്സിലാക്കാം.<br><br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>(വീഡിയോ) | ഫസ്റ്റ് ടേം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനത്തിന്റെ പേര് – നമ്പർ വൺ
ഉപമേഖല – അക്കാദമികം, ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ വക്തി ശുചിത്വവും പരിസ്ഥിതി ശുചിത്വവും ഉള്ളവരാക്കി മാറ്റുക | ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br><br>വ്യക്തി ശുചിത്വം,ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു | ഒരു വർഷം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനത്തിന്റെ പേര് – മേളകൾ
ഉപമേഖല – അക്കാദമികം, ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂളിലെ ശാസ്ത്ര മേളയിൽ എല്ലാം കുട്ടികളെയും പങ്കെടുപ്പിക്കുക<br><br>ഉപജില്ലാ തലത്ത പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | |

# ഹിന്ദി

## പ്രവർത്തനത്തിന്റെ പേര് – ഹിന്ദി അസംബ്ലി, രാഷ്ട്ര ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദി അസംബ്ലി, ഹിന്ദി പതിപ്പ് തയ്യാറാക്കൽ, ബുള്ളറ്റിൻ പ്രസിദ്ധീകരണം | ആഴ്ച്ചയിൽ ഒന്ന് | | |

# കലാപഠനം

**പ്രവർത്തനത്തിന്റെ പേര് - സർഗ്ഗവേദി**

**ഉപമേഖല - അക്കാദമികം, കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസന പരിപോഷിപ്പിക്കൽ | നൃത്തം, ചിത്രരചന, സംഗീതം ഇവയിൽ പരിശീലനം, ബാലസഭ, വിദ്യാരംഭം, കലാസമിതി എന്നിവയുടെ നടത്തിപ്പ് | സ്കൂൾ സമയത്തിനു ശേഷം | ക്ലാസ് ടീച്ചർ | |

# കായിക പരിശീലനം

പ്രവർത്തനത്തിന്റെ പേര് - കായിക പരിശീലനം

ഉപമേഖല - അക്കാദമികം, കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ ശീലങ്ങളെ കുറിച്ച് ധാരണ നേടുക | സ്കൂൾ അസംബ്ലിയിൽ ആരോഗ്യ ശീലങ്ങൾ, മാനസികാരോഗ്യം, സാമൂഹികാരോഗ്യം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു | ആഴ്ച്ചയിൽ രണ്ട് | ഹെൽത്ത് ക്ലബ്ബ് | |
| വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ചുള്ള ധാരണ | വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു | മാസത്തിൽ മൂന്ന് | ഹെൽത്ത് ക്ലബ്ബ് | |
| ശരീര പിണ്ഡ സൂചിയെക്കുറിച്ച് (BMI) ധാരണ നേടുക | കുട്ടികളുടെ BMI കണ്ടെത്തുന്നു. (ഭാരക്കുറവ്, സാധാരണ ഭാരം, ഭാരക്കൂടുതൽ എന്നിവ) | ഒരു വർഷക്കാലം | അധ്യാപകൻ | |

പ്രവർത്തനത്തിന്റെ പേര് - ആരോഗ്യമുള്ള സമൂഹം, നാടിന്റെ സമ്പത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | മെഡിക്കൽ ക്യാമ്പ് | | | |

**പ്രവർത്തനത്തിന്റെ പേര് – അടുക്കളത്തോട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറി ത്തോട്ടം ഉണ്ടാക്കൽ | | | |

**പ്രവർത്തനത്തിന്റെ പേര് – പോഷകാഹാരം കുട്ടികൾക്കായി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ച്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെന്നു വെച്ച് പോഷക സമൃദ്ധമായ ആഹാരം നൽകൽ | | | |

**പ്രവർത്തനത്തിന്റെ പേര് – മത്സര പരീക്ഷകൾക്ക് പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവിന്റെ വിവിധ തലങ്ങൾ | പോലുള്ള വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം | | | |

## മികവുകൾ നേട്ടങ്ങൾ

| നടപ്പുവർഷം | മുൻവർഷം |
|---|---|
| മലയാള ചിത്രകഥാ പതിപ്പ് | ഇംഗ്ലീഷ് ഫെസ്റ്റ് |
| കൈയ്യെഴുത്ത് മാസിക | ഹലോ ഇംഗ്ലീഷ് |
| ദിനാചരണങ്ങൾ | അവധിക്കാല കളിക്കൂട്ടം |
| ഓണാഘോഷം | കൈയ്യെഴുത്തു മാസിക |
| കർഷകദിനാഘോഷം | ഗണിതോത്സവം |
| പ്രാദേശികം PTA | ഡൈനിംഗ് ഏരിയ നിർമ്മാണം |
| നൃത്തപരിശീലനം | സ്കൂൾ സൗന്ദര്യവൽക്കരണം |
| ഭവന സന്ദർശനം | കവാടം നിർമ്മാണം |
| മലയാളത്തിളക്കം | അദ്ധ്യാപകർക്കുള്ള ടോയ്ലറ്റ് നിർമ്മാണം |
| ശ്രദ്ധ | |
| CPTA | |
| പച്ചക്കറിത്തോട്ടം | |
| ശലഭോദ്യാനം | |
| പ്രവർത്തിപരിചയ പരിശീലനം | |
| കമ്പ്യൂട്ടർ ലാബ് നിർമ്മാണം | |
| അങ്കണവാടി സന്ദർശനം | |
| ICT സാധ്യത പ്രയോജനപ്പെടുത്തൽ | |
| പത്രവാർത്ത ക്വിസ് | |
| വായനക്കളരി | |
| ത്രിഭാഷ അസംബ്ലി | |
| പോഷക സമൃദ്ധമായ ഉച്ചഭക്ഷണം | |
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | |

## പ്രതീക്ഷിത നേട്ടങ്ങൾ

കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകൽ

ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കൽ

സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

കുട്ടികളുടെ വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു

മതനിരപേക്ഷമായ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

# ഉപസംഹാരം

പുതിയ സാമ്പത്തിക നയങ്ങൾ പൊതുവിദ്യാലയങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം നമ്മുടെ രാജ്യത്ത് ഉണ്ടായി കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തുള്ള സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിന്റെ പങ്കാളിയാകുക എന്നുള്ളത്. നാട്യങ്ങൾ എതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.








# Goal
## SET 2025

**CPV LPS KOTTOOR : ACADEMIC MASTER PLAN**

